# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1080**

**11.02.2016 ൽ മറുപടിയ്ക്ക്**

### അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷ നൽകിയിരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്താകെ അംഗീകാരത്തിന് അപേക്ഷ നൽകിയ അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 169<br>കൊല്ലം - 102<br>പത്തനംതിട്ട - 57<br>കോട്ടയം - 46<br>ആലപ്പുഴ - 64<br>എറണാകുളം - 43<br>ഇടുക്കി - 19<br>തൃശ്ശൂർ - 39<br>പാലക്കാട് - 174<br>മലപ്പുറം -120<br>കോഴിക്കോട് - 108<br>വയനാട് - 50<br>കണ്ണൂർ - 128<br>കാസർഗോഡ് - 75<br>------<br>ആകെ - 1194<br>===== |
| (ബി) | അപേക്ഷ പരിഗണിച്ച് എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകുകയുണ്ടായി എന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (ബി) | സ.ഉ. (കൈ.) നം. 114/15/പൊ.വി.വ. തീയതി 14.05.2015 പ്രകാരം 308 സ്കൂളുകൾക്കും സ.ഉ. (കൈ.) നം. 282/15/പൊ.വി.വ. തീയതി 09.11.2015 പ്രകാരം 87 സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം - 22<br>കൊല്ലം - 37<br>പത്തനംതിട്ട - 8<br>ആലപ്പുഴ - 11<br>കോട്ടയം - 13<br>ഇടുക്കി - 18<br>എറണാകുളം - 15<br>തൃശ്ശൂർ - 26<br>പാലക്കാട് - 32<br>മലപ്പുറം - 80 |

| | |
|---|---|
| കോഴിക്കോട് | - 46 |
| വയനാട് | - 10 |
| കണ്ണൂർ | - 29 |
| കാസർഗോഡ് | - 48 |
| | ----- |
| ആകെ | 395 |
| | ====== |

ഇതിനു പുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3 - ലെ സ.ഉ. (സാധാ) നം. 863/2015/പൊ.വി. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (സി) | അംഗീകാരം ലഭിച്ച സ്കൂളുകൾക്കെല്ലാം ചട്ടപ്രകാരമുള്ള അടിസ്ഥാന സൗകര്യം ഉണ്ടെന്ന് ഉറപ്പാക്കിയിരുന്നോ; | (സി) & (ഡി) | സ.ഉ. (കൈ.) നം. 184/2013/പൊ.വി. തീയതി 10.06.2013 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. അടിസ്ഥാന സൗകര്യം ഇല്ലാത്തതു കാരണം അംഗീകാരം നൽകാത്ത സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല. നിരസിക്കപ്പെട്ട അപേക്ഷകൾ പിന്നീട് പരിഗണിച്ചിട്ടില്ല. |
| (ഡി) | അടിസ്ഥാനസൗകര്യം ഇല്ലാത്തതുകാരണം എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകിയില്ല എന്ന് അറിയിക്കാമോ; അവയെ പിന്നീട് പരിഗണിക്കുകയുണ്ടായോ? | | |

സെക്ഷൻ ഓഫീസർ